# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6709** **10.07.2014**-ൽ മറുപടിക്ക്

**'പന്ത്രണ്ടാം പദ്ധതിയിൽ ആരോഗ്യമേഖലയ്ക്കായി അനുവദിച്ച തുക'**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം ആരോഗ്യമേഖലക്കായി നീക്കിവച്ച തുക എത്രയാണെന്നും അതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം ആരോഗ്യ മേഖലക്കായി നീക്കിവച്ച തുക താഴെ ചേർക്കുന്നു. |

| നം. | വകുപ്പ് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ആരോഗ്യവകുപ്പ് | 21634.25 |
| 2 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 7410.00 |
| 3 | ഭാരതീയ ചികിത്സാ വകുപ്പ് | 1665.00 |
| 4 | ഹോമിയോപ്പതി വകുപ്പ് | 1720.00 |

| | | | |
|---|---|---|---|
| (ബി) | നീക്കിവച്ച തുകയിൽ വിനിയോഗിച്ചത് എത്രയാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | വിനിയോഗിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു |

| നം. | വകുപ്പ് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ആരോഗ്യവകുപ്പ് | 21092.58 |
| 2 | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 6334.00 |
| 3 | ഭാരതീയ ചികിത്സാ വകുപ്പ് | 1604.81 |
| 4 | ഹോമിയോപ്പതി വകുപ്പ് | 479.817 |

<table>
<tr>
<td>(സി)</td>
<td>പന്ത്രണ്ടാം പദ്ധതിയുടെ രണ്ടാം വർഷം ഈ മേഖലയിൽ നീക്കിവച്ച തുകയുടെയും അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ വകുപ്പ് തിരിച്ച് പറയാമോ;</td>
<td>(സി)</td>
<td>പന്ത്രണ്ടാം പദ്ധതിയുടെ രണ്ടാം വർഷം ഈ മേഖലയിൽ നീക്കിവച്ച തുകയുടെയും അനുവദിച്ച തുകയുടെയും അതിൽ വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു
<table>
<tr><th>നം</th><th>വകുപ്പ്</th><th>നീക്കിവച്ച/ അനുവദിച്ച രൂപ (ലക്ഷത്തിൽ)</th><th>വിനിയോഗിച്ച രൂപ (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>ആരോഗ്യവകുപ്പ്</td><td>19518.61</td><td>18799.28</td></tr>
<tr><td>2</td><td>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</td><td>13531.00</td><td>7500.00</td></tr>
<tr><td>3</td><td>ഭാരതീയ ചികിത്സാ വകുപ്പ്</td><td>2330.00</td><td>2116.49</td></tr>
<tr><td>4</td><td>ഹോമിയോപ്പതി വകുപ്പ്</td><td>1475.00</td><td>911.527</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഈ കാലത്ത് ഏതെങ്കിലും പദ്ധതികളിൽ കുറവു വരുത്തുകയോ നീക്കിവച്ച സംഖ്യയുടെ വിനിയോഗം ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;</td>
<td>(ഡി)</td>
<td>2013-14 വർഷത്തെ ബജറ്റിൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ എന്ന സ്കീം നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ നീക്കിവച്ചിരുന്നതിൽ 350 ലക്ഷം രൂപയുടെ ഭരണാനുമതിയുള്ള പ്രൊപ്പോസലിന്മേൽ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ പദ്ധതികളിൽ കുറവ് വരുത്തുകയോ നീക്കിവച്ച തുകയുടെ വിനിയോഗം ഒഴിവാക്കുകയോ ചെയ്തിട്ടില്ല.</td>
</tr>
<tr>
<td>(ഇ)</td>
<td>ഏതെങ്കിലും പദ്ധതിക്കുവേണ്ടി അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td>
<td>(ഇ)</td>
<td>ആരോഗ്യ വകുപ്പിനു കീഴിൽ 'സർവെയിലൻസ് & കൺട്രോൾ ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ്' എന്ന സ്കീം നടപ്പിലാക്കുന്നതിന് 400 ലക്ഷം രൂപ മാത്രമാണ് 2013-14-ൽ അനുവദിച്ചത്. എന്നാൽ മഴക്കാല രോഗ നിയന്ത്രണത്തിനായി നിയമിക്കപ്പെട്ട താല്ക്കാലിക ജീവനക്കാർക്ക് വേതനവും മറ്റും നൽകുന്നതിനായി 787.20 ലക്ഷം രൂപ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | അധികമായി അനുവദിച്ചിരുന്നു. ഹോമിയോപ്പതി വകുപ്പിൽ സീതാലയം പദ്ധതിക്കായി 100 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ ടി പദ്ധതിക്കായി 160.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ